പറഞ്ഞിട്ടുള്ളതാണ്. That is the only ordinary route and not by any short cut.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ (*Wadakkancheri*).— ഒല്ലൂർ ഹൈസ്കൂളും തൃശ്ശൂർ ഹൈസ്കൂളും തമ്മിൽ ഉള്ള ദൂരം മൂന്നു മൈൽ 8 ഫർലോങ്ങ് എന്നു പറഞ്ഞിരിക്കുന്നു. അവിടെ സൌകര്യത്തോടുകൂടിയുള്ള ബസ്സ് സർവ്വീസ് ധാരാളം നടക്കുന്നുണ്ടെന്നു ഗവർമ്മെൻറിനറിയാമോ?

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— തൃശ്ശൂരിൽതന്നെ ധാരാളം സൌകര്യങ്ങളുണ്ട്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ (*Wadakkancheri*).— അതു് എന്റെ ചോദ്യത്തിനുള്ള മറുപടിയായില്ല.

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— ബസ്സുകളുണ്ട്.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ (*Urakam*).— ചേർപ്പു ഹൈസ്കൂൾ തുടങ്ങുന്നതിനു വളരെക്കാലം മുമ്പല്ലേ ഒല്ലൂർ ഹൈസ്കൂൾ സ്റ്റാർട്ട് ചെയ്തിട്ടുള്ളതു്?

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— അല്ല.

Admission—T. D. H. S.—boys and girls of the Depressed Classes.

൭൯. മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— താഴെപറയുന്ന ചോദ്യങ്ങൾക്കു് ഗവർമ്മെണ്ടു് സദയം മറുപടിപറയുമോ:—

(ഛ) ടി. ഡി. ഹൈസ്കൂളിൽ പുലയൻ, പറയൻ, ഉള്ളാടന്മാർ, വെട്ടുവർ, ഈഴവർ, വാലന്മാർ, അരയർ മുതലായ താഴ്ത്തപ്പെട്ട സമുദായങ്ങളിലെ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കു് പ്രവേശനം അനുവദിച്ചിട്ടുണ്ടോ;

(ഛ) ഉണ്ടെങ്കിൽ എന്നു മുതൽക്കാണു് ആ പ്രവേശനം അനുവദിച്ചിട്ടുള്ളതു്;

(ന) പ്രസ്തുത സമുദായങ്ങളിൽപെട്ട എത്ര വിദ്യാർത്ഥി വിദ്യാർത്ഥിനികൾ ഇപ്പോൾ അവിടെ പഠിച്ചുവരുന്നുണ്ടു്?

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).—(ഛ) ഇല്ല.

(ഛ), (ന) ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. വി. ചെറിയാൻ *(Mattancheri South)*.— ടി. ഡി. ഹൈസ്കൂളിനു സർക്കാരിൽനിന്നും ഗ്രാൻറു കൊടുത്തുവരുന്നുണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— സാധാരണയായി മറ്റു സ്കൂളുകൾക്കു കൊടുത്തുവരുന്നതുപോലെ കൊടുത്തുവരുന്നുണ്ട്.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി *(Anthikad)*.— ടി. ഡി. ഹൈസ്കൂളിൽ മറ്റുള്ളവരെ പ്രവേശിപ്പിക്കാത്തതുകൊണ്ടല്ലേ അവിടെ ആരും പഠിക്കുന്നില്ലാത്തത്?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— അതേ.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി *(Anthikad)*.— ഈ നയം ഇനിയും തുടർന്നുകൊണ്ടുപോകുവാനാണോ ഗവർമ്മെൻറുദ്ദേശിക്കുന്നത്?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.—ഇതിലേക്കുവേണ്ടി തക്കതായ ഒരു കെട്ടിടം ഉണ്ടാക്കി സ്കൂൾ നടത്തുവാനാണു ഗവർമ്മെൻറു വിചാരിക്കുന്നത്. അവിടത്തെ മാന്യനായ ഒരു പൌരൻതന്നെ ഇപ്പോൾ അവിടെ ഒരു സെക്കൻററി സ്കൂൾ സ്റ്റാർട്ട് ചെയ്തിട്ടുണ്ട്.

മിസ്റ്റർ കെ. എം. ഇബ്രാഹിം *(Cranganur)*.— ബഹുമാനപ്പെട്ട വിദ്യാഭ്യാസ മെമ്പർ ഇതേ മറുപടിതന്നെ കഴിഞ്ഞ കൊല്ലവും പറഞ്ഞില്ലേ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— വേറെ കെട്ടിടം ഉണ്ടാക്കുന്നതുവരെ ഇതേ മറുപടിതന്നെ പറയേണ്ടിവരും.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി *(Anthikad)*.— വേറെ ഒരു കെട്ടിടം വരാത്തതുകൊണ്ടാണോ അവിടെ ഈഴവർ മുതലായ ജാതിക്കാരെ ചേർത്തു പഠിപ്പിക്കാത്തത്?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— അതുതന്നെയാണു കാരണം.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— മറ്റുള്ളവർക്കു വേണ്ടിയാണോ പ്രത്യേകം ഒരു കെട്ടിടമുണ്ടാക്കുന്നത്?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— അതേ.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി *(Anthikad)*.—പ്രത്യേകമായി ഉണ്ടാക്കുന്ന ആ കെട്ടിടത്തിൻറെ രൂപവും വിശേഷവും എന്താണെന്നറിഞ്ഞാൽകൊള്ളാം?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. വി. ചെറിയാൻ (*Mattancheri South*).— ഏതെങ്കിലും ഒരു കെട്ടിടം അവക്കായിട്ട് തീരുമാനിച്ചു കൊടുത്തിട്ടുണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— ഇതിലേക്കു ഒരു കെട്ടിടം ഉണ്ടാക്കുന്നതിനു ധനസ്ഥിതിയുണ്ടായിട്ടു ചെയ്യാതിരിക്കുന്നതല്ല. എന്നാൽ അതിനുള്ള ധനസ്ഥിതിയില്ലെങ്കിലും അവർ ഇക്കാര്യത്തിനുവേണ്ടി ഗവമ്മെൻറിലേക്കു കഴിയുന്ന സഹായം ചെയ്യുവാൻ തയ്യാറാണ്.

മിസ്റ്റർ എം. വി. ചെറിയാൻ (*Mattancheri South*).— അവിടെ അയ്യായിരമോ ആറായിരമോ ഉറുപ്പികക്കു സ്വർണ്ണം ഉണ്ടെന്നുള്ള വിവരം ഗവമ്മെൻറിനറിയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— അവിടെ എല്ലാവക്കും പ്രവേശിക്കുവാൻ സൌകര്യമായ ഒരു സ്കൂൾ തുറക്കുവാൻ ഗവമ്മെൻറു വിചാരിക്കുന്നുണ്ടോ? അതോ അവിടത്തെ മുസ്ലീം സ്കൂൾമാത്രം കൊണ്ടു മതിയാകുമെന്നു വിചാരിക്കുന്നുവോ?

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— എല്ലാവക്കും പ്രവേശിക്കുവാൻ വേണ്ടിയുള്ള ഒരു സെക്കൻററി സ്കൂളാണ് നടത്തുവാനുദ്ദേശിച്ചിട്ടുള്ളത്.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— ഇതിനെപ്പററി വളരെക്കാലമായി ഈ നിയമസഭയിൽ പറഞ്ഞുതുടങ്ങീട്ടുള്ളതാണ്. അതു കൊണ്ട് അടുത്തകാലത്തെങ്കിലും അതു നടപ്പിൽ വരുത്തുമോ?

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— അതിന് ഒരു കാലാവധിവച്ച് പറയുവാൻ പ്രയാസമാണ്.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— വളരെക്കാലമായി ഈ സംഗതിയെപ്പററി ഗവമ്മെൻറു വിചാരിക്കുന്നില്ലേ?

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— ഇതുപോലെതന്നെ മട്ടാഞ്ചേരിയിലും ഒരു കെട്ടിടം ഇതിനേക്കാൾ വളരെ ആവശ്യമാണെന്നു പറഞ്ഞതും ഗവമ്മെൻറിന്റെ ആലോചനയിലിരിക്കയാണ്.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— ഫണ്ടില്ലാത്ത കാരണവുംപറഞ്ഞു് ഗവമ്മെൻറു ഈ സംഗതിയിൽ നിസ്സാരമാക്കിക്കൊണ്ടു മറുപടി പറയുന്നതു ന്യായമാണെന്നു എനിക്കു തോന്നുന്നില്ല.

Rao Sahib I. N. Menon (*Director of Public Instruction*).— Government will give every consideration that is possible and see that this is given some preference to others. Government cannot promise that this will be the first building that they will take up for construction.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എം. ഇബ്രാഹിം *(Cranganur)*.—സെക്കൻററി സ്കൂൾ അവിടെ ഒന്നുള്ളതുകൊണ്ട് ഇതു വേണ്ടെന്നുവക്കാമെന്നുള്ള അർത്ഥത്തിലാണോ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്? പൊതുജനങ്ങളുടെ പണത്തിൽനിന്നു ഗ്രാൻറുകൊടുക്കുന്ന സ്കൂളിൽ പൊതുജനങ്ങളിൽ ഒരു പ്രധാന വിഭാഗത്തിൽ പ്രവേശനമില്ലാതിരിക്കെ, ഗവർമ്മെൻറിൻെറ ആന്തരീകമായ ധർമ്മത്തിനു വിരുദ്ധമായി ചെയ്യുന്നതിനാൽ ആ സ്കൂൾ നിറുത്തണമെന്നുള്ള തത്വത്തിനു പ്രസക്തിയില്ലേ എന്നാണു ഞാൻ ചോദിക്കുന്നത്?

Rao Sahib I. N. Menon *(Director of Public Instruction)*.—It is a matter of confronting your opinion with mine.

മിസ്റ്റർ കെ. അയ്യപ്പൻ *(Ezhuvas South)*— മുസ്ലീം മാന്യന്മാർ നടത്തുന്ന സ്കൂൾ ഉടനെ ഹൈസ്കൂളാക്കുവാൻ ഗവർമ്മെൻറുദ്ദേശിക്കുന്നുണ്ടോ?

Rao Sahib I. N. Menon *(Director of Public Instruction)*.—It will be considered.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി *(Anthikad)*.— ടി. ഡി. സ്കൂളിനു ഗവർമ്മെൻറിൽനിന്നും കൊടുത്തുവരുന്ന ഗ്രാൻറു നിറുത്തുവാൻ വേണ്ട ഏർപ്പാടു ചെയ്യുമോ?

Rao Sahib I. N. Menon *(Director of Public Instruction)*.—They are themselves trying to find a solution.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി *(Anthikad)*.— ഉള്ളാടന്മാർ മുതലായവർ അയിത്തജാതിക്കാരാണെന്നുള്ള അന്ധവിശ്വാസം മൂലമാണോ അവരെ അവിടെ പ്രവേശിപ്പിക്കാതിരിക്കുന്നത്?

Rao Sahib I. N. Menon *(Director of Public Instruction)*.—These are questions the answers to which the member himself can furnish.

മിസ്റ്റർ കെ. എം. ഇബ്രാഹിം *(Cranganur)*.— കൊച്ചി ഗവർമ്മെൻറിൽനിന്നും സഹായധനം കൊടുത്തുവരുന്നതും ഇതുപോലെ ചില പ്രത്യേക സമുദായക്കാരെ കയറ്റാതെയുള്ളതുമായ വേറെ സ്കൂളുകളുണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നു പറഞ്ഞാൽ കൊള്ളാം.

Rao Sahib I. N. Menon *(Director of Public Instruction)*.—I want notice because there are certain institutions started very long ago and which are still in existence.

Co-operative Societies—liquidation of.

60. Mr. P. Kumaran Ezhuthassan *(Wadakkancheri)*.—Will the Government be pleased to state:—

LIBRARY ARCHIVES Kerala Legislative Assembly